എന്നാൽ തെരഞ്ഞെടുപ്പ് ഹൈക്കോടതി സ്റ്റേ ചെയ്ത സാഹചര്യത്തിൽ 15/3/99 മുതൽ ആറു മാസത്തേക്കും തുടർന്ന് 16/9/99-ൽ ആറുമാസത്തേക്കും കാലാവധി നീട്ടിയിട്ടുണ്ട്.

(ഡി) സെറിഫെഡിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. ഹൈക്കോടതിയിൽ നിലവിലുള്ള കേസ് തീർപ്പായതിനുശേഷം, തെരഞ്ഞെടുപ്പ് നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

53 (2201) സെറിഫെഡിൽ ഡെപ്യൂട്ടേഷൻ നിയമനം

ശ്രീ. വി. ബാലറാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെറിഫെഡിൽ മറ്റു ഡിപ്പാർട്ടുമെന്റിൽനിന്നുള്ള എത്രപേർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഇവർ ഏതെല്ലാം തസ്തികകളിലാണ് ജോലി ചെയ്തു വരുന്നത് എന്നും, ഇവരുടെ ശമ്പള നിരക്കുകളും വ്യക്തമാക്കുമോ;

(സി) ഇപ്പോൾ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്തുവരുന്ന ഏതെങ്കിലും ഉദ്യോഗസ്ഥരെ സ്ഥിരമായി സെറിഫെഡിൽ നിയമിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) സെറിഫെഡിൽ ഇന്റേണൽ ഓഡിറ്റ് നടത്തുന്നത് ആരാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 28 പേർ.

(ബി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു†

(സി) ഇത്തരം നിർദ്ദേശങ്ങളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) ശങ്കരൻ ആന്റ് ശേഖർ എന്ന ചാർട്ടേഡ് അക്കൗണ്ടന്റ് എന്ന സ്ഥാപനമാണ്.

54 (2202) സെറിഫെഡ് ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം

ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെറിഫെഡ് ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം നടപ്പാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്നത്തേയ്ക്ക് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ശമ്പള പരിഷ്ക്കരണം സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ),(ബി)&(സി) സെറിഫെഡിൽ വിവിധ തസ്തികകളിൽ നേരിട്ടു നടത്തിയ നിയമനങ്ങളെ സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നിലവിലുള്ളതിനാൽ കേസ്സിന്റെ തീരുമാനം ആകുന്ന മുറയ്ക്ക് ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം ആലോചിക്കുന്നതാണ്.

55 (2203) **കൊല്ലം കാപ്പെക്സിൽ നടന്ന ക്രമക്കേടുകളെക്കുറിച്ച് നടത്തുന്ന അന്വേഷണങ്ങൾ**

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി.ടി. അഹമ്മദ് അലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-98 കാലയളവിൽ കൊല്ലം കാപ്പെക്സിൽ നടന്ന ക്രമക്കേടുകളെക്കുറിച്ച് നടത്തുന്ന അന്വേഷണങ്ങൾ ഏതെല്ലാം; വിവിധ അന്വേഷണങ്ങൾക്ക് ഉത്തരവായ തീയതികൾ ഏതെല്ലാം; ഇവയിൽ എത്ര എണ്ണം പൂർത്തിയായെന്നും ബാക്കിയുള്ളവയുടെ അന്വേഷണ സ്ഥിതി എന്തായെന്നും വെളിപ്പെടുത്തുമോ;

(ബി) അന്വേഷണങ്ങൾ അനന്തമായി നീണ്ട് പോകാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) മനഃപൂർവ്വം അന്വേഷണം താമസിപ്പിച്ച് ചിലർ കുറ്റക്കാരെ രക്ഷിക്കാൻ ശ്രമിക്കുന്നു എന്ന ആക്ഷേപം കണക്കിലെടുത്ത് വിവിധ ഏജൻസികളുടെ അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കുകയും, കുറ്റക്കാർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുകയും ചെയ്യുമോ;

(ഡി) വ്യവസായ വകുപ്പിന്റെ സർവ്വീസിൽ അഡീഷണൽ ഡയറക്ടറായി തുടരുന്ന കാപ്പെക്സിന്റെ മുൻ മാനേജിംഗ് ഡയറക്ടർ നാളിതുവരെ ഏതെല്ലാം ശിക്ഷണ നടപടികൾക്ക് സർവ്വീസ് കാലയളവിൽ വിധേയനായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 1996-98 ലെ ക്രമക്കേടുകളെക്കുറിച്ച് ധനകാര്യ (ഇൻസ്പെക്ഷൻ) വകുപ്പും, ധനകാര്യ വകുപ്പിലെ അഡീഷണൽ സെക്രട്ടറി, ശ്രീ. കൃഷ്ണൻ നായരും അന്വേഷിക്കുന്നുണ്ട്. ധനകാര്യ ഇൻസ്പെക്ഷൻ വകുപ്പ് അന്വേഷിക്കുന്നതിന് 25/7/99-ലും, ശ്രീ. ഡി. കൃഷ്ണൻ നായർ അന്വേഷിക്കുന്നതിന് 02.4.98 ലും ഉത്തരവായിരുന്നു.

ധനകാര്യ ഇൻസ്പെക്ഷൻ വകുപ്പ് അന്വേഷണം പൂർത്തിയാക്കി ധനകാര്യ (പി.യു.സി.) വകുപ്പിന് നൽകിയിരിക്കുകയാണ്. അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് ഉടൻ സമർപ്പിക്കുന്നതാണെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്.

(ബി)&(സി) റിപ്പോർട്ട് ഉടൻ ലഭ്യമാക്കാൻ ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. റിപ്പോർട്ട് ലഭിച്ചാലുടൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്. അന്വേഷണം മനഃപൂർവ്വം താമസിപ്പിക്കുന്നതായിട്ടുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly